പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 156 26-10-2026-ൽ മറുപടിയ്ക്ക്

ഐ.സി. 100 ചലഞ്ച്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. വർഗീസ് മാമ്മൻ

ശ്രീ. റെജി ചെറിയാൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) മാലിന്യമുക്തകേരളം പദ്ധതിയുടെ ഭാഗമായുള്ള ഹ്രസ്വകാല പരിപാടികളും അവയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളും എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

മറുപടി: "നിർമലം – പുതുയുഗ ശുചിത്വ കേരളം" എന്ന പേരിൽ നടപ്പാക്കുന്ന മാലിന്യപരിപാലന ക്യാമ്പയിന്റെ ഭാഗമായി പൊതുസ്ഥലങ്ങളുടെയും പാതയോരങ്ങളുടെയും ശുചീകരണം, പൊതുശൗചാലയങ്ങളുടെ പരിപാലനം, ഉറവിട ജൈവമാലിന്യ സംസ്കരണം, അജൈവമാലിന്യ ശേഖരണവും പുനഃചംക്രമണവും, സാനിറ്ററി മാലിന്യ സംസ്കരണം, ദ്രവമാലിന്യ സംസ്കരണം എന്നിവ ലക്ഷ്യമിട്ടുള്ള ഹ്രസ്വകാല പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ 30 ശതമാനം വീടുകളിൽ ഉറവിട ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കുക, 100 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സമഗ്ര ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളുള്ള മാതൃകാ സ്ഥാപനങ്ങളാക്കുക, ശേഖരിക്കുന്ന അജൈവമാലിന്യത്തിന്റെ 40 ശതമാനം പുനഃചംക്രമണം ഉറപ്പാക്കുക, രണ്ട് സാനിറ്ററി മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമാണം പൂർത്തിയാക്കുക, നാല് എഫ്.എസ്.ടി.പി. പ്ലാന്റുകളുടെ പ്രവർത്തനം ആരംഭിക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. വൻകിട മാലിന്യ ഉൽപ്പാദകരെ ഔദ്യോഗിക മാലിന്യശേഖരണ - സംസ്കരണ സംവിധാനങ്ങളുമായി ബന്ധിപ്പിക്കുക, ശാസ്ത്രീയ മാലിന്യസംസ്കരണ സംവിധാനങ്ങൾ വികസിപ്പിക്കുക, പൊതുജനപങ്കാളിത്തവും ബോധവത്കരണവും ശക്തിപ്പെടുത്തുക എന്നിവയും ക്യാമ്പയിന്റെ ഭാഗമായി ലക്ഷ്യമിടുന്നു.

(ബി) മാലിന്യമുക്ത പ്രവർത്തനങ്ങളുടെ ഭാഗമായി വൃത്തിയാക്കുന്ന സ്ഥലം അതേ നിലയിൽ പരിപാലിക്കുകയെന്ന ലക്ഷ്യത്തോടെയാണോ ഐ.സി. 100 ചലഞ്ച് പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്; എങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

മറുപടി: അതെ. ശുചീകരിക്കുന്ന പൊതുസ്ഥലങ്ങൾ വീണ്ടും മാലിന്യം നിക്ഷേപിക്കുന്ന ഇടങ്ങളായി മാറാതെ തുടർന്നും മാലിന്യമുക്തമായി നിലനിർത്തുക എന്ന ലക്ഷ്യത്തോടെയാണ് IC 100 Challenge നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും എല്ലാ വാർഡുകളിലുമുള്ള മാലിന്യം നിക്ഷേപിക്കാൻ സാധ്യതയുള്ളതോ നിലവിൽ മാലിന്യം കൂന്നുകൂടിയതോ ആയ

പൊതുസ്ഥലങ്ങൾ (Garbage Vulnerable Points – GVP) കണ്ടെത്തി ശുചീകരിക്കുകയും തുടർന്നുള്ള 100 ദിവസത്തേക്ക് അവ മാലിന്യമുക്തമായി പരിപാലിക്കുകയും വേണം.

(സി) മാലിന്യ നിർമാർജന പ്രവർത്തനങ്ങളിലും മാലിന്യമുക്ത പ്രദേശങ്ങളുടെ പരിപാലനത്തിനും പൊതുജന പങ്കാളിത്തം ഉറപ്പാക്കാൻ പദ്ധതി പ്രകാരം എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നറിയിക്കാമോ;

മറുപടി: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപ്രതിനിധികൾ, ഹരിതകർമസേന, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ, സന്നദ്ധസംഘടനകൾ, യുവജന-വിദ്യാർഥി കൂട്ടായ്മകൾ, വ്യാപാരി-വ്യവസായി സംഘടനകൾ, പൊതുജനങ്ങൾ എന്നിവരുടെ പങ്കാളിത്തത്തോടെ GVP (Garbage Vulnerable Points)-കൾ ശുചീകരിക്കണം. ശുചീകരണത്തിനു ശേഷവും പ്രദേശങ്ങൾ 100 ദിവസത്തേക്ക് മാലിന്യമുക്തമായി നിലനിർത്തുന്നതിന് ബോധവത്കരണം, മുന്നറിയിപ്പ് ബോർഡുകൾ, നിരന്തര നിരീക്ഷണം, മാലിന്യശേഖരണ സംവിധാനങ്ങളുമായുള്ള ഏകോപനം, ഹരിതകർമസേനയുടെ സേവനം, നിയമാനുസൃത തുടർനടപടികൾ എന്നിവ ഉറപ്പാക്കണം. ആവശ്യമായിടത്ത് ഫോട്ടോകൾ, വീഡിയോകൾ, ജിയോ-ടാഗ് ചെയ്ത രേഖകൾ, ഫീൽഡ് റിപ്പോർട്ടുകൾ എന്നിവയിലൂടെ പുരോഗതി രേഖപ്പെടുത്തണം.

(ഡി) പദ്ധതിയുടെ ഭാഗമായി മാലിന്യമുക്തമാക്കുന്ന പ്രദേശങ്ങളിൽ വീണ്ടും മാലിന്യ നിക്ഷേപമുണ്ടാക്കുന്നത് ഒഴിവാക്കാൻ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനും സംസ്ഥാനതല നിരീക്ഷണ സമിതി രൂപീകരിക്കുന്നതിനും നിർദേശമുണ്ടോ; വിശദമാക്കാമോ?

മറുപടി: ഉണ്ട്. 02.10.2026-ലെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/32673/2026-SWAG2 നമ്പർ സർക്കുലർ പ്രകാരം, വീണ്ടും മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ ബോധവത്കരണം, മുന്നറിയിപ്പ് ബോർഡുകൾ, സ്ഥിരമായ നിരീക്ഷണം, ആവശ്യമായ സ്ഥലങ്ങളിൽ CCTV ക്യാമറകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ, മാലിന്യശേഖരണ സംവിധാനങ്ങളുമായുള്ള ഏകോപനം, നിയമാനുസൃത തുടർനടപടികൾ എന്നിവ സ്വീകരിക്കാൻ നിർദേശമുണ്ട്. പ്രസ്തുത സർക്കുലറിലെ ഖണ്ഡിക 3 പ്രകാരം സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് 100 ദിവസത്തെ ക്യാമ്പയിന്റെ പുരോഗതി വിലയിരുത്താനും നിർദേശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ